## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2687

19 .02.2016-ൽ
മറുപടി പറയേണ്ടിയിരുന്നത്

# ' റവന്യൂ അദാലത്ത് '

**ചോദ്യം**
ശ്രീ. എം. ഹംസ

**മറുപടി**
ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം ജില്ലകളിൽ റവന്യൂ അദാലത്ത് നടത്തുകയുണ്ടായി; ഓരോന്നിൻെറയും വിശദാംശം ലഭ്യമാക്കുമോ;

(എ) കഴിഞ്ഞ സർക്കാരിൻെറ കാലത്ത് 14 ജില്ലകളിലും റവന്യൂ അദാലത്ത് നടത്തുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ 08/01/2015-നും കൊല്ലം ജില്ലയിൽ 23/02/2015-നും പത്തനംതിട്ട ജില്ലയിൽ 19/01/2015-നും ആലപ്പുഴ ജില്ലയിൽ 12/01/2015-നും കോട്ടയം ജില്ലയിൽ (02/11/2012-ന് പ്രീ റവന്യൂ അദാലത്ത്) 06/02/2015-നും ഇടുക്കി ജില്ലയിൽ 07/02/2015-നും എറണാകുളം ജില്ലയിൽ 24/02/2015-നും തൃശ്ശൂർ ജില്ലയിൽ 21/02/2015-നും പാലക്കാട് ജില്ലയിൽ 17/01/2015-നും മലപ്പുറം ജില്ലയിൽ 15/01/2015-നും കോഴിക്കോട് ജില്ലയിൽ 23/01/2015-നും വയനാട് ജില്ലയിൽ 31/01/2015-നും കണ്ണൂർ ജില്ലയിൽ 19/02/2015-നും കാസർഗോഡ് ജില്ലയിൽ 30/01/2015-നും 10/02/2015-നും (രണ്ട് റവന്യൂ അദാലത്തുകൾ) റവന്യൂ അദാലത്തുകൾ നടത്തുകയുണ്ടായി.

(ബി) റവന്യൂ അദാലത്ത് വഴി എത്ര പട്ടയങ്ങൾ നല്കുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ;

(ബി) റവന്യൂ അദാലത്ത് വഴി ആകെ 2137 പട്ടയങ്ങൾ നൽകുകയുണ്ടായി. ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു :-

| ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|
| ആലപ്പുഴ | 1973 |
| എറണാകുളം | 52 |
| പാലക്കാട് | 36 |
| കണ്ണൂർ | 69 |
| കാസർഗോഡ് | 7 |
| ആകെ | 2137 |

(സി) റവന്യൂ അദാലത്ത് വഴി എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്ര എണ്ണം തീർപ്പു കൽപ്പിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

(സി) റവന്യൂ അദാലത്ത് വഴി ആകെ 3,14,538 അപേക്ഷകൾ ലഭിച്ചു. ആയതിൽ 2,74,761 എണ്ണം തീർപ്പാക്കി. ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:-

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 91426 | 79872 |
| കൊല്ലം | 5552 (745 അപേക്ഷകൾ നിരസിച്ചു) | 4325 |
| പത്തനംതിട്ട | 1706 | 1133 |
| ആലപ്പുഴ | 41140 | 40455 |
| കോട്ടയം | 8952 | 7897 |
| ഇടുക്കി | 38770 | 27662 |
| എറണാകുളം | 29095 | 28327 |
| തൃശ്ശൂർ | 26414 | 23298 |
| പാലക്കാട് | 36918 | 29355 |
| മലപ്പുറം | 6741 | 6121 |
| കോഴിക്കോട് | 1200 | 533 |
| വയനാട് | 11561 | 10978 |
| കണ്ണൂർ | 13763 | 13529 |
| കാസർഗോഡ് | 1300 | 1276 |
| ആകെ | 3,14,538 | 2,74,761 |

സെക്ഷൻ ഓഫീസർ